# FAQ on WAFY CIC

*1 എന്താണ് വാഫി കോഴ്സ്?*

Ans : അറിവിന്റെ ഇസ്‌ലാമീകരണം സാധ്യമാക്കൻ (CIC) കാലോചിതമായി ആവിഷ്കരിച്ച കോഴ്സുകളാണ് വാഫി, (ആൺ കുട്ടികൾക്ക്) വഫിയ്യ (പെൺ കുട്ടികൾക്ക്)

വാഫി : മത വിഷയത്തിൽ ബിരുദാനന്തരബിരുദവും (മുത്വവ്വൽ) ഭൗതിക വിഷയത്തിൽ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദവും വാഫി ഒരുമിച്ചു നൽകുന്നു .

വഫിയ്യ : മത വിഷയത്തിൽ ബിരുദാനന്തബിരുദവും (മുത്വവ്വൽ) ഭൗതിക വിഷയത്തിൽ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദവും ഹോം സയൻസിന്റെ അവശ്യഭാഗങ്ങളും സമന്വയിപ്പിച്ച് നൽകുന്നതാണ് വഫിയ്യ കോഴ്സ്. തുടർപഠനം ആഗ്രഹിക്കുന്നവർക്ക് 2 വർഷത്തെ വഫിയ്യ പിജി (മുത്വവ്വൽ) പഠനത്തിനും അവസരമുണ്ട് .

*2 വാഫി വഫിയ്യ കോഴ്സുകളുടെ കാലാവധി?*

Ans : പ്രിപ്പറേറ്ററി (തംഹീദിയ്യ) 2 വർഷം, ഡിഗ്രി (ആലിയ) 4 വർഷം, പി.ജി. (മുത്വവ്വൽ) 2 വർഷം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി 8 വർഷമാണ് കോഴ്സ് കാലാവധി .

പ്രിപ്പറേറ്ററി (തംഹീദിയ്യ) 2 വർഷം ഡിഗ്രി (ആലിയ) 3 വർഷം , എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായി 5 വർഷമാണ് വഫിയ്യ കോഴ്സ് കാലാവധി . തുടർപഠനം ആഗ്രഹിക്കുന്നവർക്കായി 2 വർഷത്തെ പി.ജി. പഠനത്തിനും അവസരമുണ്ട് .

*3 വഫിയ്യ പി.ജി. പ്രയോഗത്തിലുണ്ടോ ?*

Ans : അതെ , വാഫിയ്യ പി.ജി പ്രയോഗത്തിലുണ്ട് , ഇസ്‌ലാമിക് ആന്റ് അറബിക്ക് സ്റ്റഡീസിൽ 2 വർഷമാണ് വഫിയ്യ പി.ജി . നിലവിൽ വളാഞ്ചേരി മർക്കസിലെ അൽ ഗൈസ് ഇസ്‌ലാമിക്ക് ആന്റ് ആർട്സ് കോളേജിൽ 3 വർഷമായി പി.ജി.പഠനം നടന്ന് വരുന്നു .

*4 സി.ഐ.സി കൊണ്ട് വിവക്ഷിക്കുന്നതെന്താണ്?*

Ans : ഉന്നത മത ഭൗതിക വിദ്യാഭ്യാസ രംഗത്ത്പ്രവർ ത്തിക്കുന്ന ഇസ്ലാമിക കോളേജുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി 2000 മുതൽ വളാഞ്ചേരി മർക്കസുത്തർബിയ്യത്തിൽ ഇസ്ലാമിയ്യ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന അക്കാദമിക് ബോഡിയാണ് കോർഡിനേഷൻ ഓഫ് ഇസ്‌ലാമിക് കോളേജസ് (CIC) .

*5 നിലവിൽ സി.ഐ.സിയോട് അഫ്‌ലിയേറ്റ് ചെയ്ത എത്ര സ്ഥാപനങ്ങളുണ്ട് ?.*

Ans : 46 വാഫി കോളേജുകളും , 14 വഫിയ്യാ കോളേജുകളും CIC യോട് അഫ്‌ലിയേറ്റ് ചെയ്തിട്ടുണ്ട് .

*6 വാഫി, വഫിയ്യ കോഴ്സിന് സമസ്തയുടെ അംഗീകാരമുണ്ടോ?*

Ans : അംഗീകാരമുണ്ട്. വാഫി, വഫിയ്യാ കോഴ്സുകളുടെ സിലബസ്സ് സമസ്ത പരിശോധിച്ച് ശരിവെച്ചിട്ടുണ്ട്.

*7 ഏതൊക്കെ വിദ്യാഭ്യാസ സംവിധാനങ്ങളോട് സി.ഐ.സി അക്കാദമിക് സഹകരണ ധാരണകൾ ഒപ്പുവെച്ചിട്ടുണ്ട്?*

Ans : CIC യുമായി അക്കാദമിക് സഹകരണ ധാരണകൾ (MoU) ഒപ്പ് വെച്ച സ്ഥാപനങ്ങൾ;

c) കൈറോ യുനിവേഴ്സിറ്റി (ദാറുൽ ഉലൂം)
d) അലസ്കോ (ALECSO)
e) മജ്മഉല്ലുഗൽ അറബിയ്യ
f) മതകാര്യമന്ത്രാലയം, ഈജിപ്ത്
g) അലിഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി
h) ഹംദർദ് യൂനിവേഴ്സിറ്റി.
i) ജാമിഅഃ മില്ലിയ്യഃ
j) അൽ അസ്ഹർ അലുംനി
k) NCPULസ്റ്റഡിസെന്റർ
l) ISO 9001:2015

കൂടാതെ സി.ഐ.സി യുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വിവിധ അന്താരാഷ്ട്ര ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2009 ലെ ഇസ്‌ലാം ഓൺലൈൻ അന്താരാഷ്ട്ര വിദ്യാഭ്യാസ പുരസ്കാരവും 2011 ലെ ഇസ്‌ലാം ഡോട്ട് നെറ്റ് പുരസ്കാരവും സി.ഐ.സി യെ തേടിയെത്തുകയുണ്ടായി.

*8 വാഫി, വഫിയ്യ കോഴ്സിന് ഭൗതിക പഠനം നിർബന്ധമാണോ?*

Ans : വാഫി വഫിയ്യ കോഴ്സുകൾ പൂർത്തീകരിക്കുന്നതിന് ഭൗതിക പഠനം നിർബന്ധമാണ്. UGC അംഗീകരിക്കുന്ന യൂണിവേഴ്സിറ്റി ബിരുദം നേടാത്തവർക്ക് വാഫി വഫിയ്യ ബിരുദങ്ങൾ നൽകുന്നതല്ല.

*9 ഭൗതികവിഷയത്തിൽ ബിരുദാനന്തര ബിരുദത്തിന് അവസരംകോഴ്സ് നൽകുന്നുണ്ടോ?*

Ans : വാഫി, വഫിയ്യ പി.ജി കാലയളവായ അവസാന രണ്ട് വർഷത്തിൽ വിദ്യാർത്ഥികൾക്ക് സ്വന്തം നിലയിൽ പി.ജി. പഠനത്തിന് അവസരമുണ്ട്. അതേസമയം മത വിഷയത്തിൽ ഊന്നൽ നൽകി പഠിക്കാനാണ് കോഴ്സ് നിർദ്ദേശിക്കുന്നത് .

*10 വാഫി കോളേജുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉള്ളത് ?*

Ans : അഫിലിയേറ്റഡ് സ്ഥാപനങ്ങൾ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സി.ഐ.സി ബദ്ധശ്രദ്ധമാണ്. അവയെ അടിസ്ഥാനപ്പെടുത്തി സ്ഥാപനങ്ങൾക്ക് ഗ്രേഡും സ്റ്റാറും നൽകി വരുന്നു.
ലൈബ്രറി: അറബി, ഇംഗ്ലീഷ്, മലയാളം, ഉർദു ഭാഷകളിലായി ധാരാളം പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ബാല സാഹിത്യങ്ങളും സിലബസുമായി ബന്ധപ്പെട്ട അധിക വായനക്കാവശ്യമായ കിതാബുകളും വ്യാഖ്യാനഗ്രന്ഥങ്ങളും ഉപകരണങ്ങളും മറ്റുമുൾകൊള്ളുന്ന വിശാലമായ ലൈബ്രറികൾ. (ഓരോ ഘട്ടത്തിലും ഉണ്ടായിരിക്കേണ്ട ഇവയുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്)
റീഡിംഗ് റൂം : മലയാളം, ഇംഗ്ലീഷ്, അറബി, ഉറുദു പത്ര മാസികകളും പ്രസിദ്ധീകരണങ്ങളും സി.ഡികളും മറ്റു ആധുനിക പഠനസൗകര്യങ്ങളും ഉൾകൊള്ളുന്നറീഡിംഗ് റൂമുകൾ, ഓഡിയോ വിഷ്വൽ സൗകര്യങ്ങൾ.
ഓഡിറ്റോറിയം: ജനറൽ ക്ലാസുകൾ, ഡിബേറ്റുകൾ, പരിശീലന ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഡിറ്റോറിയങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ.
ലാബ്: കമ്പ്യൂട്ടർ പരിജ്ഞാനത്തിന് സ്വന്തമായി ലാബുകൾ, ഇന്റർനെറ്റ് കണക്ഷനും മറ്റു ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും.
പ്ലേഗ്രൗണ്ട്: വിദ്യാർത്ഥികൾക്ക് ആവശ്യമായ കായിക വിനോദങ്ങളിലേർപ്പെടാനുള്ള സൗകര്യങ്ങൾ.
മെച്ചപ്പെട്ട താമസ സൗകര്യം, സമീകൃതാഹാരം, സാനിറ്ററി സൗകര്യങ്ങൾ.

*11 ആഴത്തിലുള്ള മതപഠനത്തിന് പി.ജി തലത്തിൽ പിന്തുടരുന്നരീതി ഏതാണ് ? .*

Ans : വിദ്യാർത്ഥികളുടെ അഭിരുചിയനുസരിച്ച് വിവിധ വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്.

*12 ഏതൊക്കെയാണ് ഫാക്കൽറ്റികളും ഡിപ്പാർട്ടുമെന്റുകളും?*

Ans : പി.ജി തലത്തിൽ ഉസൂലുദ്ദീൻ ,ശരീഅ , ലാൻഗ്വേജ് ആന്റ് കൾച്ചർ തുടങ്ങി മൂന്ന് ഫാക്കൽറ്റികളായി 8 ഡിപ്പാർട്ട്മെന്റുകളുണ്ട് . തഫ്സീർ , ഹദീസ് , അഖീദ , ഇസ്ലാമിക്ക് ആന്റ് അറബിക് സ്റ്റഡീസ് (വഫിയ്യ) കുടുംബ കർമശാസ്ത്രം , വിനിമയ കർമശാസ്ത്രം , അറബീ ഭാഷാ സാഹിത്യം , ചരിത്രം എന്നിവയാണ് 8 ഡിപ്പാർട്ട്മെന്റുകൾ .

*13 പി.ജി. തലത്തിൽ ഗവേഷണ പ്രബന്ധം നിർബന്ധമാണോ?*

Ans : നിർബന്ധമാണ്. ഓരോ പിജി വിദ്യാർത്ഥിയും തെരെഞ്ഞെടുത്ത ഡിപ്പാർട്ട്മെന്റിന് അനുസൃതമായ വിഷയത്തിൽ 100 പേജിൽ കുറയാത്ത ഒരു ഗവേഷണ പ്രബന്ധം സമർപ്പിക്കണം . വൈവ ഉൾപ്പെടെയുള്ള പരീക്ഷകൾ പാസായാലേ പി.ജി. പഠനം പൂർത്തിയാവൂ.

*14 വാഫി,വഫിയ്യ സിലബസിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യമുണ്ടോ?*

Ans : വാഫി, വഫിയ്യ കോഴ്സുകൾ പൂർത്തിയാക്കുന്നതിന് മുമ്പ് DCA നിലവാരത്തിലുള്ള കമ്പ്യൂട്ടർ പഠനം നിർബന്ധമാണ്. കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളിൽ കമ്പ്യൂട്ടർ ലാബ് നിർബന്ധമാണ്.

*15 സെമസ്റ്റർ എന്നത്കൊണ്ട് വിവക്ഷിക്കുന്നതെന്താണ്?*

Ans : ആറ് പ്രവൃത്തി ദിനങ്ങളുള്ള 70 ആഴ്ചകൾ അഥവാ 120 പ്രവൃത്തി ദിവസങ്ങളെയാണ് ഒരു സെമസ്റ്റർ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്, ഓരോ സെമസ്റ്റർ അവസാനങ്ങളിലും പരീക്ഷകൾ നടന്നിരിക്കും.

*16 ഭൗതിക പഠനവും മതപഠനവും സമന്വയിച്ച് അഭ്യസിപ്പിക്കുന്ന ഈ കോഴ്സ് ഊന്നൽ നൽകുന്നത് ഏതിനാണ്?*

Ans : മത പഠനത്തിനാണ് ഈ കോഴ്സ് ഊന്നൽ നൽകുന്നത്. ഒരു ദിവസത്തെ 8 പിരീഡിൽ 5 ഉം മത വിഷയത്തിന് തന്നെയാണ് മാറ്റി വെച്ചിരിക്കുന്നത് .

*17 പഠിതാക്കൾക്ക് സാമൂഹികസേവനം നിർവ്വഹിക്കൽ നിർബന്ധമുണ്ടോ?*

Ans : നിർബന്ധമുണ്ട്. സാമൂഹിക സേവനത്തെ സി.ഐ.സി പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായി പരിഗണിക്കുന്നു. ഡിഗ്രി തലത്തിൽ ഓരോ വിദ്യാർത്ഥിയും 192 മണിക്കൂറും വിദ്യാർത്ഥിനി 100 മണിക്കൂറും സാമൂഹിക സേവനം (CSS) നിർബന്ധമായും നിർവ്വഹിക്കേണ്ടതുണ്ട്. മഹല്ലുകളിൽ നടപ്പാക്കാവുന്ന പദ്ധതികൾ തയ്യാറാക്കൽ, വിവിധ സർക്കാർ-സർക്കാറേതര ആനുകൂല്യങ്ങളും സൗകര്യങ്ങളും അർഹർക്ക് ലഭ്യമാക്കൽ, സാമൂഹിക-വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കൽ, രോഗികൾക്കും കഷ്ടതയനുഭവിക്കുന്നവർക്കും തുണയേകൽ, ഇസ്ലാമിക പ്രബോധനം, ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ, മതപഠന ക്ലാസ്സുകൾ, പരിസ്ഥിതി സംരക്ഷണം, ദുശ്ശീലങ്ങൾക്കും സ്വഭാവവൈകൃതങ്ങൾക്കും അടിമപ്പെട്ടവരെ മോചിപ്പിക്കൽ, സമൂഹങ്ങളുടെ ആരോഗ്യകരമായ സഹവർത്തിത്വത്തിനും മൈത്രിക്കും വേണ്ടി പ്രവർത്തിക്കൽ തുടങ്ങിയ വിശാലമായ മേഖലകൾ ഇതിന്റെ പരിധിയിൽ വരുന്നു.

*18 അറബിക് ഉറുദു ഡിപ്ലോമ കോഴ്സുകൾ സർക്കാർ അംഗീകൃതമാണോ?*

Ans : അതെ. കേന്ദ്ര സർക്കാറിന്റെ NCPUL അംഗീകാരത്തോട് കൂടിയ ദ്വിവർഷ ഫങ്ഷണൽ അറബിക് കോഴ്സും ഒരുവർഷ ഫങ്ഷണൽ ഉറുദു കോഴ്സും നേടാൻ സൗകര്യമുണ്ട്.

*19 പാഠ്യേതര പ്രവർത്തനങ്ങൾക്ക് പഠനകാലത്ത് അവസരം നൽകുന്നുണ്ടോ?*

Ans : വൈവിധ്യമാർന്ന ധൈഷണിക സെഷനുകൾ, സാംസ്കാരിക പരിപാടികൾ, പ്രത്യേകം ക്ഷണിക്കപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണരുടെയും, വിവിധ മേഖലകളിലെ വിദഗ്ധരുടെയും പ്രഭാഷണങ്ങൾ, വ്യക്തിത്വ വികസന ക്ലാസുകൾ, വിവിധ വാഫീ കോളേജുകളിലെ വിദ്യാർത്ഥികളുടെ ഏകീഭാവം ലക്ഷ്യമാക്കിയുള്ള സഹവാസ ക്യാമ്പുകൾ, നവാഗത സംഗമങ്ങൾ തുടങ്ങിയവ നടത്തപ്പെടുന്നു.
സമാജം, ഡിബേറ്റ്, സെമിനാർ, ടേബിൾ ടോക്ക്, തുടങ്ങിയവയിലൂടെ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകപ്പെടുന്നു. കൈയ്യെഴുത്ത്-പ്രിന്റഡ് മാഗസിനുകൾ, ചുമർപത്രങ്ങൾ, പുസ്തകങ്ങൾ, സുവനീറുകൾ, തുടങ്ങിയവ പ്രസിദ്ധീകരിക്കപ്പെടുന്നു.

*20 വാഫി, വഫിയ്യ കലോത്സവം നടത്താറുണ്ടോ?*

Ans : വാഫി, വഫിയ്യ കോളേജുകളുടെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാ പ്രേമികളുടേയും വാർഷിക മഹാ സംഗമമാണ് വാഫി, വഫിയ്യ കലോത്സവം. അറബിക് ഇംഗ്ലീഷ് ഉറുദു മലയാളം ഭാഷകളിൽ ഇരുനോറോളം ഇനങ്ങളിൽ നാലായിരത്തോളം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ വെവ്വേറെ മാറ്റുരക്കുന്ന കലാ മത്സരങ്ങൾ, ക്യൂ ഫോർ ടുമാറോ, ഫിഖ്ഹ് സെമിനാർ, കൾച്ചറൽ ഡയലോഗ്, അർഹാം അസംബ്ലി, ഓർബിറ്റ് മീറ്റ് തുടങ്ങിയവ കലോത്സവത്തിന്റെ ഭാഗമായി നടക്കുന്നു.

*21 കായികമേള നടക്കാറുണ്ടോ?*

Ans : എല്ലാ വർഷവും കോളേജ് തലത്തിലും, 2 വർഷത്തിൽ സംസ്ഥാനതലത്തിലും കായികമേളകൾ നടക്കുന്നു.

*22 വാഫി, വഫിയ്യ വിദ്യാർത്ഥികളുടെ സംഘടന ഏതാണ്?*

## WSF

സി.ഐ.സി അംഗ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സംസ്ഥാന തല കൂട്ടായ്മയാണ് WSF. സാംസ്കാരിക കലാ കായിക രംഗങ്ങളിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ WSF ന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏകീകരിക്കുകയും പരിപോഷിപ്പിക്കുകയുമാണ് WSF ന്റെ പ്രധാന ലക്ഷ്യം.
ഈ ലക്ഷ്യത്തിൽ സംസ്ഥാനതല കലാ കായികമേളകളും, മത്സരങ്ങളും അന്തർദേശീയ സെമിനാറുകളും മറ്റും സംഘടനക്കു കീഴിൽ നടക്കുന്നു.

## വഫിയ്യ WSF

വഫിയ്യ കോളേജുകളിലെ വിദ്യാർത്ഥിനികളുടെ സംസ്ഥാനതല കൂട്ടായ്മയായ WSF ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നു. വഫിയ്യ കലോത്സവം പൂർണമായും പ്ലാൻ ചെയ്ത് നടപ്പാക്കിയത് WSF (വഫിയ്യ) ആണ്. ഈ കഴിഞ്ഞ ഫെസ്റ്റിനോടനുബന്ധിച്ച് അവർ സ്വന്തമായി നടത്തിയ വനിതാ സമ്മേളനം ശ്രദ്ധേയമായിരുന്നു.

*23 ഓർബിറ്റുകൾ കൊണ്ട് വിവക്ഷിക്കുന്നതെന്താണ്?*

Ans : വിവിധ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സ്വദേശങ്ങളെ ജില, താലൂക്ക്, പഞ്ചായത്ത

പെൺകുട്ടികളുടെ ഓർബിറ്റും പ്രവർത്തിക്കുന്നു. വിവിധ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന നാട്ടുകാരായ സഹപാഠികളെ തിരിച്ചറിയാനും വിശാലമായ വാഫി കുടുംബം എന്ന ഫീലിംഗ് നേടാനും ഓർബിറ്റുകൾ സഹായിക്കുന്നു.

*24 എന്താണ് വാഫി റിസർച്ച് കൗൺസിൽ കൊണ്ട് ഉദ്ദേശിക്കുന്നത്?*

Ans : വാഫി സ്ഥാപനങ്ങളിലെ മുതിർന്ന ഉസ്താദുമാരുടെ ഈ കൂട്ടായ്മ കാലിക പ്രസക്തമായ കർമ്മശാസ്ത്ര വൈജ്ഞാനിക ചിന്താ വിഷയങ്ങളിൽ പൊതു താൽപര്യങ്ങളും ഇസ്‌ലാമിന്റെ പ്രായോഗികതയും മുൻനിർത്തി ചർച്ചകളും സംവാദങ്ങളും നടത്തി വരുന്നു. ഈ ചർച്ചകളിൽ മുതിർന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനവസരമുണ്ട്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന സെമിനാറുകളിലും മറ്റും അതവർക്ക് പ്രയോജനകരമായിത്തീരുന്നു.

*25 അർഹാം അസംബ്ലി കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?*

Ans : വാഫി വഫിയ്യ കോളേജുകളുടെ ഭരണാധികാരികൾ, അവരുടെ കുടുംബങ്ങൾ, നാലായിരത്തോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അവരുടെ രക്ഷിതാക്കൾ, കൂട്ടുകുടുംബങ്ങൾ, നാനൂറിലേറെ അധ്യാപകർ, അവരുടെ കുടുംബങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അവരുടെ കുടുംബങ്ങൾ, വാഫി വളരുന്നത് കണ്ട് കണ്ണ് കുളിർക്കുന്നവർ, സഹായിക്കുന്നവർ തുടങ്ങിയ ബന്ധുക്കൾ (അർഹാം) അടങ്ങുന്ന വിശാലമായ വാഫി കുടുംബത്തിന്റെ സംഗമമാണ് അർഹാം അസംബ്ലി. നിലവിൽ പന്ത്രണ്ടായിരത്തോളം അംഗങ്ങളുണ്ട് അർഹാം അസംബ്ലിയിൽ.

*26 എം.പി.ടി.എ നിലവിലുണ്ടോ?*

Ans : നിലവിലുണ്ട്. മാനേജ്മെന്റ് പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ സി.ഐ.സി യുടെ പ്രധാന ഭാഗമാണ്. അഫ്‌ലിയേറ്റഡ് സ്ഥാപനതല MPTA കളിലൂടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്ന് ഈരണ്ട് പേർ അടങ്ങുന്നതാണ് സി.ഐ.സി തല MPTA.

*27 വാഫി അലുംനി പ്രവർത്തനത്തിലുണ്ടോ?*

Ans : കോഴ്സ് പൂർത്തിയാക്കിയ വാഫികൾ അൽ-അസ്ഹർ, കൈറോ, JNU , അലീഗഢ്, ജാമിഅഃമില്ലിയ്യഃ തുടങ്ങിയ മതഭൗതിക രംഗങ്ങളിലെ വിശ്വോത്തര യൂണിവേഴ്സിറ്റികളിൽ ഉപരി പഠന -ഗവേഷണങ്ങൾക്കു അവസരം നേടുകയുണ്ടായി. പലരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധ്യാപന-പ്രബോധന-മാധ്യമ-ബിസിനസ് മേഖലകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. അക്കാദമിക് ചിന്താ സാഹിത്യ രംഗങ്ങളിൽ ലോക ശ്രദ്ധ നേടിയ രചനകൾ കാഴ്ചവെക്കാനായവരും കൂട്ടത്തിലുണ്ട്.

വാഫി പഠനം പൂർത്തിയാക്കിയവരുടെ സംസ്ഥാനതല അലൂംമ്നി അസോസിഷേൻ നിലവിൽ ഉണ്ട്. വിദ്യാഭ്യാസ സാമൂഹിക രംഗത്ത് കാതലായ മാറ്റങ്ങൾ അവതരിപ്പിക്കാനും സി.ഐ.സി ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾക്ക് പിന്തുണ നൽകാനും ഈ അസോസിയേഷന് സാധിക്കും. ഡോ.ലുഖ്മാൻ വാഫി അസ്ഹരി (പ്രസിഡന്റ്) സിദ്ധീഖുൽ അക്ബർ വാഫി (ജനറൽ സെക്രട്ടറി) ഉമർ വാഫി കാവനൂർ (ട്രഷർ) എന്നിവരാണ് നിലവിലെ ഭാരവാഹികൾ . പഞ്ചായത്ത്, മണ്ഡലം ,ജില്ലാ കമ്മിറ്റികളും നിലവിലുണ്ട്.

***……END………***